വിരൽത്തുമ്പിൽ വിടർന്ന കവിതകളും കഥകളുമായൊരു ഡിജിറ്റൽ പുസ്തകം

# വിരൽത്തുമ്പ്

## ഡിജിറ്റൽ മാഗസിൻ

ആർ ശങ്കർ മെമ്മോറിയൽ ഹൈസ്കൂൾ, പഴങ്ങാലം

(ചാച്ചാജി) -മനീഷ് ജേക്കബ്

# കഥാപാത്രസൃഷ്ടിയിലെ സവിശേഷതകൾ



ബഷീറിന്റെ കഥാപാത്രസൃഷ്ടിയിൽ കാണുന്ന മുഖ്യ സവിശേഷതകൾ ഇവയാണ്.

. ആരേയും എളുപ്പം ആകർഷിക്കുന്ന സരസരായ കഥാപാത്രങ്ങളാണ് ബഷീർ സൃഷ്ടിച്ചത്.

. കഥാകൃത്തുതന്നെ കഥാപാത്രമായിമാറുന്ന നിരവധി കഥകൾ രചിച്ചിട്ടുണ്ട്.

. പ്രധാന കഥാപാത്രങ്ങൾക്കെന്നപോലെ അപ്രധാന കഥാപാത്രങ്ങൾക്കും വ്യക്തിതത്വം നൽകിയിട്ടുണ്ട്.

. കുറച്ചു കഥാപാത്രങ്ങളിലൂടെ തന്നെ വലിയൊരു കഥാപ്രപഞ്ചം സൃഷ്ടിച്ചു.

. സ്ത്രീ കഥാപാത്രങ്ങൾക്ക് മിഴിവ് പകർന്നു.

. പക്ഷി മൃഗാദികളെ കഥാപാത്രങ്ങളാക്കി.

. സ്വന്തം കുടുംബപശ്ചാത്തലത്തിൽ, കുംടുബാംഗങ്ങളെത്തന്നെ കഥാപാത്രങ്ങളാക്കിയിട്ടുണ്ട് അദ്ധേഹം.

. മുസ്ലീം സാമൂഹികജീവിതം സൂക്ഷമമായി അവതരിപ്പിച്ച അദ്ധേഹം പ്രസ്തുത ജനസമൂഹത്തിൽ നിന്നുള്ള നിരവധി കഥാപാത്രങ്ങളെ സമ്മാനിച്ചിട്ടുണ്ട്.

# ബഷീറിന്റെ രചനകൾ

മലയാള കഥാസാഹിത്യത്തിൽ ബഷീറിന് നിരവധി നോവലുകളും കഥാസമാഹാരങ്ങളും സമ്മാനിച്ചിട്ടുണ്ട്. അപ്രകാശിത രചനകൾ വേറെയുമുണ്ട്. പ്രസിദ്ധീകരിക്കപ്പെട്ട നോവലുകൾ ഇവയാണ്. ആനവാരിയും പൊൻകുരിശും, ജീവിത നിഴൽപ്പാടുകൾ, താരാസ്പെഷ്യൽസ്, പാത്തുമ്മയുടെ ആട്, പ്രേമലേഖനം, ബാല്യകാലസഖി, മതിലുകൾ, മരണത്തിന്റെ നിഴൽ, മാന്ത്രികപൂച്ച, മുച്ചീട്ടുകളിക്കാരന്റെ മകൾ, ശബ്ദങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു, കഥാസമാഹാരങ്ങൾ എന്നിവയാണ്. അനർഘനിമിഷം, അനപ്പൂട, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ഓർമക്കുറിപ്പ്, ചിരിക്കുന്ന മരപ്പാവ, ജന്മദിനം, പാവപ്പെട്ടവരുടെ വേശ്യ, വിഡ്ഢികളുടെ സ്വർഗം, വിശപ്പ്, വിശ്വവിഖ്യാതമായ മൂക്ക്, ഭൂമിയുടെ അവകാശികൾ, അനുരാഗത്തിന്റെ ദിനങ്ങൾ.

# കഥയും കഥാപാത്രങ്ങളും

കഥാപാത്ര സൃഷ്ടിക്ക് കഥയിൽ വലിയസ്ഥാനമാണുള്ളത്. നോവൽ ഒരു വീടാണെങ്കിൽ അതിലെ കുടുബാംഗങ്ങളാണ് കഥാപാത്രങ്ങൾ എന്നാണ് നോവത്സാഹിത്യം എന്ന പുസ്തകത്തിൽ എം. പി. പോൾ സൂചിപ്പിച്ചിട്ടുള്ളത്. വെറുതേ കുറേ കഥാപാത്രങ്ങൾ സൃഷ്ടിക്കുന്നതിലല്ല ഒരെഴുത്തുക്കാരന്റെ മഹത്വം. യഥാർഥത്തിലുള്ള കഥാപാത്ര സൃഷ്ടി എന്താണെന്നുള്ള കാര്യം കുട്ടികൃഷ്ണമാരാർ ഇങ്ങനെ വിശദീകരിക്കുന്നു. 'ഇതിവൃത്തത്തിൽ കഥാപാത്രത്തിനുള്ള പ്രവൃത്തിയേതൊ അതിനൊത്ത് അയ്യാളുടെ വാക്കുകളെയും വിചാരങ്ങളെയും വിസ്തരിച്ച കാണിക്കലാണ് കഥാപാത്രസൃഷ്ടി'. ഈ അഭിപ്രായം നൂറുശതമാനം ശക്തമാണെന്ന് ബഷീറിന്റെ കഥാപാത്ര സൃഷ്ടി വൈഭവം അടുത്തറിയുമ്പോൾ വ്യക്തമാകും.

# കെ.അച്യുതപ്പണിക്കർ



1930 സെപ്റ്റംബർ 12 ന് ആലപ്പുഴ ജില്ലയിലെ
കുട്ടനാട് താലൂക്കിൽ കാവാലം കരയിൽ ജനിച്ചു.അച്ഛൻ
ഇ.നാരായണൻ
നമ്പൂതിരി അമ്മ എം മീനാക്ഷി.കോഴിക്കോട് മലബാർ
ക്രിസ്ത്യൻ കോളെജിലായിരുന്നു ബിരുദ
പഠനം.പ്രഗല്ഭനായ
അധ്യാപകൻ,വിമർശകൻ,ഭാഷാപണ്ഡിതൻഎന്നീ
നിലകളിൽ
പ്രസിദ്ധൻ.നാടകം,ചിത്രരചന,സിനിമ തുടങ്ങിയ
മാധ്യമങ്ങളിലും
സാന്നിധ്യമറിയിച്ചിരുന്നു.ആധുനികതയെ മലയാള
സാഹിത്യ-
ലോകത്തിന്നു പരിചയപ്പെടുത്തിയ ആൾ എന്ന
നിലയിലാണിദ്ദേഹം
അറിയപ്പെടുന്നത്.കുരുക്ഷേത്രം,ഗോത്രയാന,
പൂച്ചയും ഷേക്സ്പിയറും,10 കവിതകളും
പഠനങ്ങളും,ജിബാനന്ദദാ-
സ് എന്നിവ കൃതികളാണ്.2006 ആഗസ്റ്റ് 23 ൽ അദ്ദേഹം
അന്തരിച്ചു.

# എം.മുകുന്ദൻ



കേരളത്തിലെ ഫ്രഞ്ച് അധീന പ്രദേശമായിരുന്ന മയ്യഴിയിൽ 1942 സെപ്റ്റംബർ 10 ന് എം.മുകുന്ദൻ ജനിച്ചു. ഇദ്ദേഹത്തിന്റെ ആദ്യ ചെറു കഥ 1961 ൽ പ്രസിദ്ധീകരിക്കപ്പെട്ടു.ഉദ്യോഗത്തിന്റെ ഭാഗമായി മുകുന്ദന്റെ ജീവിതം ഡൽഹിയിലേക്ക് പിൽക്കാലത്ത് പറിച്ചു നടപ്പെട്ടു.ഡൽഹി ജീവിതവും മുകുന്ദന്റെ തൂലികയിൽ സാഹിത്യസ്രഷ്ടികളായി. ഇടതുപക്ഷ രാഷ്ട്രീയത്തോട് ആഭിമുഖ്യമുള്ളയാളാണ് മുകുന്ദൻ.എന്നാൽ ഇദ്ദേഹത്തിന്റെ കേശവന്റെ വിലാപങ്ങൾ എന്ന നോവൽ ഇടതുപക്ഷ വ്യതിയാനമാണെന്നും ഒരു കൂട്ടർ വാദിക്കുന്നു.മുകുന്ദന്റെ സ്രഷ്ടികളിലൂടനീളം ഫ്രഞ്ച് അധിനിവേശ സ്മരണകളും മയ്യഴിയുടെ തീരങ്ങളിലെ തുടിപ്പുകളും കാണാം. ഇതു മൂലം മുകുന്ദൻ മയ്യഴിയുടെ കഥാകാരൻ എന്നും അറിയപ്പെടുന്നു.ഡൽഹി,രാവും പകലും, ആകാശത്തിനു ചുവട്ടിൽ,വീട്,നദിയും തോണിയും എന്നിവ പ്രധാന കൃതികളാണ്.

<u>മലയാളത്തിന്റെ കവികൾ</u>

# വള്ളത്തോൾ നാരായണമേനോൻ




1878 ഒക്ടോബർ 16 ന് മലപ്പുറം ജില്ലയിലെ തിരൂരിന് സമീപം തുഞ്ചത്ത് എഴുത്തച്ഛന്റെയും മേൽപ്പത്തൂരിന്റെയും ജന്മദേശത്ത് വള്ളത്തോൾ തറവാട്ടിൽ ജനിച്ചു.കുട്ടിപ്പാറു അമ്മയുടെയും കടുങ്ങോട്ടു മല്ലിശ്ശേരി ദാമോദരൻ ഇളയതിന്റെയും മകനാണ്. നാട്ടെഴുത്തച്ഛനായ വാരിയം പറമ്പിൽ കുഞ്ഞൻ നായരിൽ നിന്നും അക്ഷരാഭ്യാസം നേടി.കഥകളിയിൽ അതീവ തൽപരനായിരുന്ന ഭാരതത്തിന്റെ സംസ്കാരവും ദേശീയബോധവും ഉയർത്തിപ്പിടിച്ച വള്ളത്തോൾ തികഞ്ഞ മനുഷ്യസ്നേഹിയും മതസൗഹാർദ്ദത്തിന്റെ വ്യക്താവുമായിരുന്നു.സൗന്ദര്യഗായകനും പ്രകൃതി സ്നേഹിയുമായ കവി ലളിതസുന്ദരമായ വരികളിൽ സൗന്ദര്യത്തെയും സൗഭാഗ്യ-ത്തെയും സംസ്കാരത്തെയും പാടിപുകഴ്ത്തി.അദ്ദേഹത്തിന്റെ കവിത-കളിൽ എനിക്കിഷ്ടപ്പെട്ട ഒന്ന് താഴെ കൊടുക്കുന്നു

**"പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും**
**സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും**
**പള്ളികൊണ്ടീടുന്ന നിൻ പാർശ്വയുഗ്മത്തെ കാത്ത്**
**കൊള്ളുന്നു കുമാരിയും ഗോകർണേശനുമമ്മേ...''**

അദ്ദേഹത്തിന്റെ കവിതകളിൽ എനിക്കിഷ്ടപ്പെട്ട കവിതയാണ് ഇത്.സൗന്ദര്യമാണ് ജീവിതത്തെ മധുരമാകുന്നതെന്നും,പ്രകൃതി-യെ നിരീക്ഷിച്ച് അതിന്റെ മനോഹാരിത നുകരുന്ന ആരും അതിനെ വെറുക്കുകയില്ല എന്നും വള്ളത്തോൾ നമ്മെ ഓർമിപ്പി-ക്കുന്നു.മലയാള നാടിന് ഇത്രയും അഭിമാനമായ വള്ളത്തോൾ

1958 മാർച്ച് 13 ന് അന്തരിച്ചു.





# അധ്യാപിക

എട്ടിൽ ഞാൻ പഠിക്കുമ്പോൾ
മനസിൽ കുടികൊണ്ട വിദ്യകൾ
ചൊരിഞ്ഞീടും മലയാളധ്യാപികേ.
എൻചെറുമനസിലെ ചോദ്യങ്ങൾ
അരുളുമ്പോൾ വിദ്വേഷം കൂടാതെന്നെ
സ്നേഹിച്ചൊരധ്യാപികേ.

ഭൂമിതൻ അഴകിനെ വർണിച്ച കവികളും
മാനുഷഹൃദയത്തെ തൊട്ടീടും കഥകളും
ഭാരതമനസിലെ മധുരകവിതയും
മനസിൽ പതിപ്പിച്ച മലയാളമഹർഷിയേ

അങ്ങതൻ പാതങ്ങളിൽ ഒരായിരം
പൂച്ചെണ്ടുകൾ സമർപ്പിക്കുന്നീ ദാസൻ.....

## മഴ



സുകൃതം കേട്ട മലനാട്ടില്
എങ്ങനോരാറ് മാസം നിൽക്കല്
വെരുമ്പം പുറമേവർ വന്ന എന്ന്
പോവുമ്പം പറേമവർ പോയി എന്ന്

**ഓള്**

കാറ്റുണ്ടടിക്ക്ന്ന്
മഴയുണ്ട് പെയ്യുന്ന്
കണ്ണപ്പന്റ്റോളുണ്ട്
മഞ്ഞിക്ക് പായുന്ന്

## എന്തുണ്ട്

തൊണ്ടൻ വട്ടിലെന്തുണ്ട്
നായ്യ്യരിവച്ച ചോറുണ്ട്
കപ്പക്കവെച്ചകറിയുണ്ട്
അമ്പക്കടെച്ചീരെ കൊട്ടുണ്ട്

# നാടൻ പാട്ടുകൾ

## എന്തേന്റെ മാവേലി



അമ്മാവൻ വന്നീല
പത്തായം തുറന്നീല
എന്തെന്റെ മാവേലി

ഓണം വന്നേ?
അമ്മായി വന്നില്ല
നെല്ലോട്ടം വെച്ചില്ല
എന്തെന്റെ മാവേലി
ഓണം വന്നില്ല
മുറ്റമണിഞ്ഞില്ല
എന്തെന്റെ മാവേലി
ഓണം വന്നേ
ഏട്ടനും വന്നില്ല
പുടവയും കിട്ടീലാ
എന്തെന്റെ മാവേലി
ഓണം വന്നേ?

തെന്നൽ



സായാന്ഹ സൂര്യൻ നിന്നു
ചൊരിയും കിരണത്തെ
നോക്കി ഞാൻ നിന്നീടുമ്പോൾ
ആനന്ദം നിറയുന്നു .

ഭൂമിതൻ അഴകിനെ വർണിച്ച കവികളും മാനുഷ ഹൃദയത്തെ
തൊട്ടീടുംകഥകളും
ഭാരതമനസിലെ മധുര കവിതയും
മനസിൽ തൊട്ടീടുന്ന മധുരതെന്നലായി..

മൗനനിദ്രയിലാണ്ടു നിൽക്കും സസ്യലതാതിയെ തൊട്ടുതഴുകീടുന്ന
ആനന്ദതെന്നൽ ഗാനം
മധുരതെന്നൽ ഗാനം..
മനുഷ്യമനസിനെ ഉണർത്തും
തെന്നൽ ഗാനം...........

# THANKS